# കേരള കാർഷിക സർവ്വകലാശാല

## കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം, ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര.

**കാർഷിക നിർദ്ദേശക ബുള്ളറ്റിൻ**

(ടെലിഫോൺ: 04872371931)

## തൃശ്ശൂർ

**E mail: kauagmet@yahoo.co.in**

**കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷിവകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.**

**എ.എഎസ് 23/15, വെള്ളിയാഴ്ച** **തീയ്യതി 05.06.2015**

**കഴിഞ്ഞ ആഴ്ചയിലെ അന്തരീക്ഷസ്ഥിതി**: കഴിഞ്ഞ ആഴ്ച്ച വെള്ളാനിക്കരയിൽ 14.8 മില്ലി.മീറ്റർ മഴ ലഭിച്ചു. ഏറ്റവും ഉയർന്നതാപനില 32.9 മുതൽ 34 ഡിഗ്രി സെൽഷ്യസും ഏറ്റവും കുറഞ്ഞതാപനില 23 മുതൽ 26 ഡിഗ്രി സെൽഷ്യസും, രാവിലത്തെ അന്തരീക്ഷ ആർദ്രത 86 മുതൽ 95 ശതമാനം വരെയും, ഉച്ചത്തെ അന്തരീക്ഷ ആർദ്രത 55 മുതൽ 70 ശതമാനം വരെയും ആയിരുന്നു. കാറ്റിന്റെ വേഗത മണിക്കൂറിൽ 0.7 മുതൽ 2.9 കിലോമീറ്ററും, സൂര്യ പ്രകാശത്തിന്റെ അളവ് ദിനംപ്രതി 0.8 മുതൽ 9.4 മണിക്കൂറും ബാഷ്പീകരണം ദിനം പ്രതി 1.6 മുതൽ 3.9 മില്ലി.മീറ്റർ വരെയും ആയിരുന്നു.

**അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:**

| കാലാവസ്ഥാ ഘടകങ്ങൾ | 06.06.2015 | 07.06.2015 | 08.06.2015 | 09.06.2015 | 10.06.2015 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 18 | 10 | 12 | 18 | 9 |
| ഉയർന്ന താപനില (°C) | 30 | 30 | 30 | 30 | 30 |
| കുറഞ്ഞ താപനില (°C) | 23 | 23 | 23 | 23 | 23 |
| മേഘവ്യാപ്തി (ഒക്ട) | 7 | 7 | 7 | 7 | 6 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 90 | 90 | 90 | 90 | 90 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 75 | 75 | 75 | 75 | 75 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/ മണിക്കൂർ) | 012 | 012 | 012 | 012 | 012 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 230 | 230 | 200 | 250 | 270 |

**കാർഷിക നിർദ്ദേശങ്ങൾ:**

| വിളകൾ | വളർച്ചാഘട്ടം/രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| ജാതി | കായ് അഴുകൽ | 1 % വീര്യമുള്ള ബോർഡോ മിശ്രിതം തളിക്കുക |
| മരച്ചീനി | ഇലപ്പുള്ളി രോഗം | കൃത്യമായ വളപ്രയോഗവും അകലത്തിലുള്ള നടീലും രോഗം ഒരു പരിധിവരെ തടയാൻ സഹായിക്കും. H-97, H-1687 എന്നീ ഇനങ്ങൾ ഈ രോഗത്തിനെതിരെ പ്രതിരോധ ശേഷിയുള്ളവയാണ്. 1 % വീര്യമുള്ള കാർബണ്ടാസിം (ബാവിസ്റ്റിൻ 50 WP) തളിക്കുക |
| കവുങ്ങ് | കൂമ്പ് ചീയൽ | അഴുകിയ ഭാഗം ചെത്തി വൃത്തിയാക്കി ബോർഡോകുഴമ്പ് തേക്കുക. മഴകൊള്ളാതിരിക്കൻ പോളിത്തീൻ കവറുകൊണ്ട് മൂടുക |
| വെറ്റിലക്കൊടി | മൂടു ചീയൽ | കൊടിയുടെ ചുവട്ടിൽ ജൈവവളം ചേർത്ത ട്രൈക്കോഡെർമ കൾച്ചർ 5 കി.ഗ്രാം. എന്ന തോതിൽ ഇട്ടുകൊടുക്കുക. |